## ഗവ.ഹൈസ്കൂൾ പെരിങ്കരി

# പാദമുദ്രകൾ -2019



# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : രാജീവ് കുമാർ പഴയടത്ത്
സ്റ്റാഫ് എഡിറ്റർ : പ്രവീണ .വി.സി
സ്റ്റുഡന്റ് എഡിറ്റർ : ശ്രീലക്ഷ്മി കെ.പി

## അംഗങ്ങൾ

ഉദ്യമ വി ഒ
ആതിര പി കെ
ആദിത്യ പി
അനൻ ബാബു
അനുജ കെ വി
അഭിജിത്ത് കെ
ടി.വി.ഷാജി (HST)




പെരിങ്കരിയെന്ന കൊച്ചുഗ്രാമത്തിലെ സരസ്വതീക്ഷേത്രമായ ഈ വിദ്യാലയത്തിലെ കുരുന്നുകളുടെ സർഗ്ഗാത്മകതകൾ ഇതൾവിരിയുന്നതാണ് പാദമുദ്രയിലെ രചനകൾ.ലിറ്റിൽകൈറ്റ് ക്ലബിലെ അംഗങ്ങളുടെയും അധ്യാപകരുടെയും കൂട്ടായപരിശ്രമമാണ് ഇതിനുപിന്നിലുള്ളത്. ഇത് അപൂർണ്ണമാണ്. അപൂണ്ണതയിലെ ഈ പൂണ്ണത സാദരം സമർപ്പിക്കുന്നു.

ശ്രീലക്ഷ്മി കെ പി
**സ്റ്റുഡന്റ് എഡിറ്റർ**

# തിരിഞ്ഞു നോക്കുമ്പോൾ..........

മലബാർ കുടിയേറ്റം, ഒരു നേരത്തെ ആഹാരത്തിനുവേണ്ടിയുള്ള പൊന്നോമനകളുടെ രോദനത്തിനു മുമ്പിൽ തളർന്നുപോയ പൂർവ്വ പിതാക്കന്മാരുടെ അന്നത്തിനുവേണ്ടിയുള്ള സാഹസിക യാത്ര.നാൽപ്പതുകളിൽ ആരംഭിച്ച ക്ലേശകരവും -ത്യാഗോജ്വലമായ ഈ യാത്രയിൽ ഈശ്വര ചിന്തയും മനോധൈര്യവും മാത്രമായിരുന്നു കരുത്ത്.ഹിംസ്രജന്തുക്കളുടെ വിഹാരകേന്ദ്രങ്ങളും,യശ്മാൻമാരുടെ അധീനതയിലുമായിരുന്ന വിസ്തൃതമായ വനപ്രദേശങ്ങളിൽ പൊന്നം കൃഷി നടത്തി പൊന്നുവിളയിച്ചു.കണ്ണിൽ കണ്ടതെല്ലാം വെട്ടിപ്പിടിച്ചു.പുതിയൊരു സാമൂഹിക -സാമ്പത്തിക-സാംസ്കാരിക ജീവിത ക്രമം കരുപ്പിടിപ്പിച്ച് തങ്ങളുടെതായ ഒരു സാംസ്കാരിക ജിവിതക്രമം ചരിത്രത്താളുകളിൽ രേഖപ്പെടുത്തി.

1947 ലെ ഒരു കൊച്ചുവെളുപ്പാൻകാലത്ത് തൊടങ്ങാനാട്ടിക്കാരനായ ജേക്കബ്ബ് പിളിക്കശ്ശേരി എന്ന കുട്ടിച്ചേട്ടനും കൈതോലിക്കൽ മത്തായിയും തലശ്ശേരിയിൽ തീവണ്ടിയിറങ്ങി കൂട്ടുപുഴ-തലശ്ശേരി റൂട്ടിലോടുന്ന കെ.എം.എസ് ബസ്സിൽ കയറുമ്പോൾ കൂട്ടുകാരനിൽ നിന്നും അറിഞ്ഞുകേട്ട അപ്പനെശ്മാനെന്ന ഭൂപ്രഭുവായിരുന്നു മനസ്സു മുഴുവൻ.വള്ളിത്തോട്ടിൽ വന്ന് ബസ്സിറങ്ങി തൊട്ടടുത്ത് കണ്ട മാടപ്പീടികയിൽ വെച്ച് കുഞ്ഞമ്പുഗുരുക്കളെ പരിചയപ്പെടുകയും വന്ന കാര്യം അറിയിച്ചപ്പോൾ തന്റെ പേരിൽ പെരുംകരി എന്ന പ്രദേശത്ത് 6 1/2 ഏക്കറോളം സ്ഥലമുണ്ടെന്നും അത് തന്നേക്കാമെന്നുമായി.സ്ഥലം കണ്ട് ഇഷ്ടപ്പെട്ട കൂട്ടുകാർ അത് വിലക്കുവാങ്ങി.നാട്ടിൽ പോയി കുഞ്ഞുകുട്ടി പരാധീനങ്ങളുമായി തിരിച്ചെത്തി സ്ഥിരതാമസമാക്കി.അതോടൊപ്പം അപ്പനെശ്മാന്റെ കൈവശമുണ്ടായിരുന്ന 5 ഏക്കർ കൂടി വാങ്ങിക്കുകയും ചെയ്തു.ഏറെ താമസിയാതെ തന്നെ നാട്ടിൽ അയൽപ്പക്കക്കാരനായിരുന്ന പരയ്ക്കാട്ട് വർക്കി,നടുവിൽ പുരയിടത്തിൽ വർഗീസ്സ്,മത്തായി പേമലയിൽ,വട്ടപ്പാറവർക്കി എന്നിവരെയും പെരിങ്കരിയിൽ കൊണ്ടുവന്നു. തുടർന്ന് പെരിങ്കരി പ്രദേശത്ത് ഒരു കുടിയേറ്റ പ്രവാഹമായിരുന്നു.

കുടിയേറ്റത്തിനും വളരെ മുമ്പ് തന്നെ കൂത്തുപറമ്പിൽ നിന്ന് ആലക്കാടൻ ഗോപാലന്റെയും മാനന്തേരി കൃഷ്ണന്റേയും മറ്റും നേതൃത്വത്തിൽ ആളുകൾ ഈ പ്രദേശത്ത് വന്ന് അപ്പനെശ്മാനിൽനിന്നും ഭൂമി പാട്ടത്തിനെടുത്ത് പൊനംകൃഷി നടത്തിപ്പോവുക

പതിവായിരുന്നു.കുട്ടിച്ചേട്ടന്റെ നേതൃത്വത്തിലുള്ള കുടിയേറ്റത്തോടെ

ഇത്തരത്തിലുള്ള കൃഷി ചെയ്തിരുന്നവരും ഇവിടെ സ്ഥിര താമസമാക്കി.അവരിൽ പ്രമുഖ കുടുംബമായിരുന്നു മരാഞ്ചി .തദ്ദേശിയരും അല്ലാത്തവരുമായ കുടിയേറ്റക്കാർ ഒത്തൊരുമയോടെ വസിച്ച പെരിങ്കരി ദേശം കാലക്രമേണ ഒരു കുടിയേറ്റ ഗ്രാമത്തിന്റേതായ എല്ലാ ചിട്ടവട്ടങ്ങളും ഏറ്റുവാങ്ങി.

മലനിരകളുടെ മടിത്തട്ടിൽ കേരള കർണാടക സംസ്ഥാനാതിർത്തിൽ,കല്യാട്ട് യശ്മാന്റെ അധീനതയിൽ ആനയും,കാട്ടുപോത്തും,കടുവയും തുടങ്ങി വലുതു തെറുതുമായ ഹിംസ്രജന്തുക്കളുടെ കേളീരംഗമായിരുന്ന ഈ വനത്തെക്കുറിച്ച് പല ഐതിഹ്യങ്ങളും നിലവിലുണ്ടെങ്കിലും ഏറ്റവും കൂടുതൽ പ്രചാരത്തിലുള്ളത് കുഞ്ഞികൃഷ്ണൻ യശ്മാന്റെ കാര്യസ്ഥനുമായി ബന്ധപ്പെട്ടിരിക്കുന്നു.

ആദ്യകാലഘട്ടങ്ങളിൽ ചതുപ്പ് നിറഞ്ഞ വയൽ പ്രദേശങ്ങൾക്ക് കരി എന്നാണ് പറഞ്ഞിരുന്നത്.ഈ പ്രദേശം ഇത്തരത്തിലുള്ള വളരെ വിസ്തൃതമായ ഒരു പ്രദേശം ആയിരുന്നതുകൊണ്ട് സ്ഥലം എടുത്തവർക്ക് പെരുംകരി എന്ന പേരു നൽകി അപ്പനെശ്മാന്റെ കാര്യസ്ഥൻ പുറപ്പാടിന്റെ ശീട്ട് എഴുതി കൊടുത്തു എന്ന് പഴമക്കാർ പറയുന്നു. 1956 മാർച്ച് 31 തീയ്യതി ബഹുമാന്യനായ ശ്രീ.വർക്കി മാസ്റ്റർ പെരിങ്കരിയിൽ അദ്ധ്യാപകനായി ചാർജെടുത്ത് സ്കൂൾ പ്രവർത്തനമാരംഭിക്കുകയും 1956 ഏപ്രിൽ 23 തീയ്യതി 2 ക്ലാസ്സുകളും 64 കുട്ടികളുമായി സ്കൂളിൽ പഠനം ആരംഭിക്കുകയും ചെയ്തു.

വളരെ പരിപിതമായ സ്ഥലസൗകര്യത്തിൽ 64 കുട്ടികളുമായി അദ്ധ്യാപനം നടത്തുക ഏറെ ക്ലേശകരമായപ്പോൾ നാട്ടുകാരുടെ സഹായത്തോടെ കുട്ടിച്ചേട്ടന്റെ പറമ്പിൽ തന്നെ ഒരു ഓല ഷെഡ് നിർമ്മിക്കുകയും പ്രവർത്തനം അങ്ങോട്ട് മാറ്റുകയും ചെയ്തു.1957-ൽ വർക്കി മാസ്റ്റർ ട്രെയിനിംഗിനായിപ്പോവുകയും പേരട്ട സ്കൂളിലെ എച്ച്.എം.ശ്രീ ചന്തുകുട്ടി മാസ്റ്റർ ചാർജ്ജ് ഏറ്റെടുക്കുകയും ചെയ്തു.


ഉദയാസ്തമയങ്ങളുടെ എണ്ണമേറുന്നതിനൊപ്പം ഗതാഗതയോഗ്യമായ റോഡുകൾ,വാഹന സൗകര്യങ്ങൾ ഒക്കെ വർധിക്കുകയും അതോടൊപ്പം തന്നെ സ്കൂളും ക്രമാനുകതമായ പുരോഗതി കൈവരിക്കുകയും ചെയ്തു.

1961 ഓട്ടുകുടി സ്കൂളിൽ 5 -ക്ലാസുവരെയുള്ള പഠനമാരംഭിച്ചു.ക്ലാസുകൾ വർധിച്ചുവെങ്കിലും അതിനനുസരിച്ചുള്ള ഭൗതിക സൗകര്യങ്ങളോ അധ്യാപകരോ ഒന്നും തന്നെ ആദ്യകാലങ്ങളിൽ ലഭിച്ചിരുന്നില്ല.എങ്കിലും ആത്മാർത്ഥവും കർമ്മനിരതരുമായ ഏതാനും അധ്യാപകരുടെയും നാട്ടുകാരുടെയും നിരന്തര പരിശ്രമഫലമായി കുട്ടികളുടെ പഠനം മുടങ്ങാതെ കൊണ്ടുപോകാൻ കഴിഞ്ഞു.1985 ൽ ഈ വിദ്യാലയം ഒരു യു പി സ്കൂളായി ഉയർത്തി.പിന്നീട് 2014 ൽ RMSA പദ്ധതിപ്രകാരം ഹൈസ്കൂളായി മാറുകയും ചെയ്തു.

യാത്രാവിവരണം

# മലനിരകളുടെ ചാരെ

ചെറുപ്പം മുതൽ മൂന്നാറും അവിടുത്തെ തണുപ്പും പറഞ്ഞിട്ടുണ്ടെങ്കിലും അതെന്നും അനുഭവിക്കാനുള്ള ഭാഗ്യം ഇതുവരെ ഉണ്ടായിരുന്നില്ല. അങ്ങനെയിരിക്കെയാണ് സ്കൂളിൽ നിന്നു.മൂന്നാറിലേക്കും,കൊച്ചിയിലേക്കും മൂന്നു ദിവസത്തെ പഠനയാത്രച്ചത്.ആദ്യമെന്നും അത്ര താൽപ്പര്യംകാണിച്ചിലെങ്കിലും അധികം വൈകാതെതന്നെ നവംബർ 19 ന് ഒരു വെള്ളിയാഴ്ച്ച വൈകുന്നേരം പെട്ടിയും കിടക്കയും എടുത്ത് ഞാനും എ ന്റെ കൂട്ടുകാരും മൂന്നാറിലേക്ക് തിരിച്ചു.ബസ്സ് പുറപ്പെട്ട് ഒരു സെക്കന്റ് പോലും വൈകാതെ പാട്ടും ഡാൻസുമൊ ക്കെ തുടങ്ങി.യാത്ര ആരംഭിച്ച് അരമണിക്കൂറിനുള്ളിൽ കൈയിൽ കരുതിയ ലഘുഭക്ഷണങ്ങളെല്ലാം കാലിയായി.രാത്രിയായതിനാൽ പുറത്തെ കാഴ്ചകൾ ഭംഗിയായി ആസ്വദിച്ചില്ലെങ്കിലും അകത്തെ ആഘോഷങ്ങൾക്ക് യാതൊരു കുറവും ഉണ്ടായിരുന്നില്ല.വഴിയിലുള്ള ഒരു ഹോട്ടലിൽ രാത്രിഭക്ഷണം കഴിക്കാൻ നിർത്തിയതൊഴിച്ചാൽ വണ്ടി മൂന്നാറിലെത്തുന്നതു വരെ ജൈത്രയാത്ര തുടർന്നു. പാതിരാത്രി വരെ തിമിർത്താടിയെങ്കിലും ഉറക്കം കയറി പിടിച്ചതിനാൽ വളരെ പെട്ടന്നു തന്നെ എല്ലാം താൽക്കാലത്തേക്കു നിർത്തി ഉറങ്ങാൻ കിടന്നു.പിന്നെ കണ്ണുതുറക്കുന്നത് കൊടുംതണുപ്പ്സഹിക്ക വയ്യാതെ ഉറക്കുണെട്ടിയപ്പോൾ സമയം പുലർച്ചയായിരുന്നു.മൂന്നാറിനടുത്തുള്ള കല്ലാറിലെ ഒരു ലോഡ്ജിലായിരുന്നു താമസസ്ഥലം ഒരുക്കിയിരുന്നത്.ഞങ്ങൾക്ക്



കിട്ടിയ റൂമിനടുത്തുള്ള ബാൽക്കണിയിൽ നിന്ന് താഴോട്ട് നോക്കിയപ്പോൾ പ്രകൃതി തന്റെ കാലിലെ കൊലുസുകൾ കിലുക്കി രസിപ്പിക്കുന്നതുപോലെ ആരവമുയർത്തിക്കൊണ്ടൊവുകുന്ന അതിമനോഹരമായ ഒരു വെള്ളച്ചാട്ടം കണ്ടു.നാട്ടിലെ ചെറിയ തോടുകൾ മാത്രം പരിചയമുള്ള ഞങ്ങളിലാ ചെറിയ വെള്ളച്ചാട്ടം പകർന്ന അത്ഭുതവും ഉൽസാഹവും പറഞ്ഞറിയിക്കാൻ പറ്റാത്തവണ്ണമായിരുന്നു.വിറയ്ക്കുന്ന തണുപ്പ് എല്ലാം മറന്ന് മൂടിപ്പുതച്ചുറങ്ങാൻ

പ്രേരിപ്പിച്ചെങ്കിലും കാണ്ൻ പോകുന്ന വിസ്മയങ്ങൾ അപ്പുറത്തു നിന്നും കൈകൊട്ടിവിളിക്കുന്നുണ്ടെന്ന ഒറ്റക്കാരണത്താൽ മാത്രം ആഗ്രഹങ്ങൾ പുതപ്പുകൊണ്ടുമൂടി കുളിക്കാനായി ചൂടുവെള്ളം വരുന്നതുവരെ കാത്തുനിന്നു.കുളിച്ച് മരണമാസ് വെള്ളയപ്പവും കടലക്കറിയും കഴിച്ച് മൂന്നാറിലേക്ക് തിരിച്ചു.തണുപ്പ് കൈകാലുകൾ മരവിപ്പിക്കുന്നുണ്ടായിരുന്നെങ്കിലും പാട്ടിനും ഡാൻസിനുംമൊന്നും ഒരുകുറവുമുണ്ടായിരുന്നില്ല.അതിനൊക്കെ തടസ്സം വരുത്തിയത് പോകുന്ന വഴിയിലെ അത്ഭുതോധാരമായ കാഴ്ച്ചകൾ മാത്രമാണ്.യാത്രയുടെ ദൈർഘ്യം കൂടുംന്തോറും പ്രകൃതിയുടെ സൗന്ദര്യവും കൂടി വരികയാണ്.പുറത്തെ കാഴ്ച്ചകണ്ട് അത്ഭുതസ്തംബ്ധരായും രാവിലെ എഴുന്നാറ്റ് തങ്ങളുടെ ജോലികളിൽ മുഴുകിയിരുന്ന നാട്ടുകാരോട് റ്റാറ്റപറഞ്ഞും ആടിയും പാടിയും രാജമലയിലെത്തി.കേരളമാകെ ദുരിതമാരിപെയ്യിച്ച പ്രളയം അവിടെയും വെറുതെയിരുന്നില്ല.രാജമലയിലേക്കുള്ള പാലം തകർന്നതിനാൽ



പാലത്തിനപ്പുറം വരെ മാത്രമേ ഞങ്ങളുടെ ബസ്സിന് പോകാനായുള്ളൂ .പൊട്ടിയപാലതിതനരുകിലൂടെ നടന്ന് അപ്പുറത്തെത്തി. രാജമലയിലേക്ക് പോകാൻ അവിടെ ബസ്സുകളും ജീപ്പുകളും മറ്റു വാഹനങ്ങളുമുണ്ട്.ഞങ്ങൾ

രാജമലയിലേക്കു പോകുന്ന പ്രൈവറ്റ് ബസ്സിൽ കയറി.ഞങ്ങൾ അറുപതോളം പേരുണ്ട്.ഞങ്ങളെല്ലാം കയറിയപ്പോൾ ബസ്സ് നിറഞ്ഞു.എന്നാൽ അവിടെയുള്ള ടാക്സികളും ജീപ്പുകളും മറ്റ് സ്പെഷൽ ബസ്സുകളും ഞങ്ങൾ കയറിയ ബസ്സിനെ തടഞ്ഞുനിർത്തി.ബസ് ഡ്രൈവറും മറ്റ് ഡ്രൈവർമാരും തമ്മിൽ വഴക്കായി.അവസാനം ഗതികെട്ട് കയറിയ ബസ്സിൽനിന്നിറങ്ങേണ്ടി വന്നു.വഴിയോരത്തൊരുക്കി വച്ചിരിക്കുന്ന ചോളവും ഉപ്പിലിട്ട നെല്ലിക്കയും മാങ്ങയും കാരറ്റും അവിടുത്തെ തനത് വിഭവങ്ങളും ഞങ്ങളെ മയക്കി.വരയാടിനെ കാണാനുള്ള ആകാംക്ഷ ഒന്നുകൊണ്ട് മാത്രം



എല്ലാംമടക്കി നേരെ രാജമലയിലേക്ക്.

ഉച്ചയായിരുന്നെങ്കിലും തണുപ്പ് സൂര്യനെ സർവ്വശക്തിയോടെ തിളങ്ങാനനുനദിക്കുന്നില്ല.നട്ടുച്ചയ്ക്ക് പോലും ജാക്കറ്റും ചൂടൻകുപ്പായവുമിട്ട് നടക്കുന്ന ജനങ്ങളെ ആദ്യമായിക്കാണുന്ന അത്ഭുതം ഞങ്ങളാരും മറച്ചുവച്ചില്ല.വിദേശികളും സ്വദേശികളുമായി നിരവധി യാത്രികർ അവിടെയുണ്ടായിരുന്നു.അവിടുത്തെ ജനങ്ങളിലധികവും തമിഴായിരുന്നു സംസാരിക്കുന്നത്.ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെയും ഇക്കോ ടൂറിസം കൗൺസിലിന്റെയും മേൽനോട്ടത്തിലുള്ള മിനിബസ്സുകളിലാണ് ഞങ്ങൾ

രാജമലയിലേക്ക് പോയത്.

ഒരു വശത്തേക്ക് നോക്കിയാൽ പച്ചവിരിച്ച് നീണ്ടുകിടക്കുന്ന തേയിലത്തോട്ടങ്ങൾ,മറുവശത്ത് ഇടതൂർന്ന് നിൽക്കുന്ന ചോലവനങ്ങളും,അതിനെല്ലാം അതിനെല്ലാമധിപനെന്നോണം നെഞ്ചുവിരിച്ച് നോക്കുന്ന കരിമ്പാറക്കുന്നുകൾ,ഇടതൂർന്ന കാർക്കൂന്തലിൽ വിചരാൻ തുടങ്ങുന്ന നീണ്ട മുല്ലപ്പൂമാല ചൂടിയതുപോലെ അതിലൂടെ ഒഴുകിയിറങ്ങുന്ന നീർച്ചാലുകൾ...വാഹനം ഒരു വളവുതിരിഞ്ഞുവന്നപ്പോളാണ് അതുവരെ ഭൂമിശാസ്ത്രക്ലാസ്സുകളിലും ക്വിസ്സ് മത്സരങ്ങളിലുമെല്ലാം സ്ഥിരസാന്നിധ്യമായ നമ്മുടെ കേരളത്തിന്റെ എവറസ്റ്റ് ആനമുടിയെ കാണാൻ സാധിച്ചത്.ഈ ഒരു ദർശനം കിട്ടാൻ ബസ്സിലെ കമ്പിയഴികൾക്കിടയിലൂടെ കിണഞ്ഞ് പരിശ്രമിക്കേണ്ടി വന്നു.കണ്ടുകഴിഞ്ഞപ്പോൾ പരമസുഖത്തോടെ യാത്രാമാഗസിനുകളിലും മറ്റ് ഫോട്ടോകളിലും കണ്ടുസ്ഥിരപരിചിതമായ മൂന്നാറിന്റെ തേയിലക്കുഞ്ഞുങ്ങളിലേക്ക്  അത്ഭുതത്തോടെയും താഴെവീണാൽ എന്താവും സ്ഥിതി എന്ന കുഴപ്പമില്ലാത്ത പേടിയോടും കൂടി കണ്ണുനട്ടിരുന്നു.വഴിയോരത്തെല്ലാം ഒരു നാഷണൽ പാർക്കെന്ന നിലയിൽ അവിടെ പാലിക്കേണ്ട നിർദ്ദേശങ്ങളും അവിടെയുള്ള കാട്ടുമൃഗങ്ങളുടെയും അപൂർവ്വസസ്യങ്ങളുടെയും പ്രത്യേകതകൾ ബോർഡുകളിൽ എഴുതിവച്ചിട്ടുണ്ടായിരുന്നു.12 വർഷത്തിലൊരിക്കൽ പൂക്കുന്ന നീലക്കുറിഞ്ഞിയായിരുന്നു അവയിൽ മുഖ്യം.നീലക്കുറിഞ്ഞി മാത്രം കാണാൻ വന്നവരായി എത്രയോ പേർ!നീലക്കുറിഞ്ഞി കൂട്ടമായി പൂത്തുനിനിനതു കാണാൻ കഴിഞ്ഞില്ലെങ്കിലും വഴിയോരത്തേകാകിയായി നിൽക്കുന്ന ചില കുറിഞ്ഞിപ്പൂക്കൾ കാണാൻ കഴിഞ്ഞു.ഇറങ്ങേണ്ടസ്ഥലമെത്തിയപ്പോൾ അവിടെ കയ്യിലെ അത്യാവശ്യസാധനങ്ങളും മറ്റും അവിടെ ചെക്കിങ് നടക്കുന്നിടത്ത് ഉപേക്ഷിക്കേണ്ടിവരുമെന്ന് പ്രതീക്ഷിച്ചില്ലായിരുന്നു.കൈ ഒഴിഞ്ഞുകിട്ടിയപ്പോഴാണ് മലകയറാനുള്ള അവേശവും ഉത്സാഹവും പുറത്തുവന്നത്.ഒരു നിമിഷത്തേക്കെല്ലാം മറന്ന് മൊബൈൽ ഫോണുകളോ ഇന്റർനെറ്റോ ഒന്നുമില്ലാതെ പ്രകൃതിയിലേക്ക്

ഊർന്നിറങ്ങുകയായിരുന്നു ഞാൻ.നിർത്താതെ വീശുന്ന കാറ്റിനൊപ്പം മനസ്സും അവിടെ പറന്നു നടന്നു. സ്വർഗം സ്വർഗമെന്നെല്ലാം കേട്ടിട്ടേയുള്ളൂ.ഭൂമിയിലും സ്വർഗമുണ്ടെന്ന കാര്യം ഉറപ്പായത് ആ മലനിരകളുടെ മൂർദ്ധാവിൽ നിന്ന് താഴോട്ട് നോക്കിയപ്പോഴാണ്.പ്രകൃതി ഇത്രയും സുന്ദരിയാണോ എന്ന ചോദ്യം ഞാൻ സ്വയം ചോദിച്ചുകൊണ്ടിരുന്നു.താൻ ജീവിക്കുന്ന ചുറ്റുപാടും മരങ്ങളും കുന്നും തോടും പുഴയും അതുപോലെ കാത്തുസൂക്ഷിച്ചിരുന്നെങ്കിൽ അവിടെയും ഇതുപോലെ സ്വർഗം തീർക്കാമായിരുന്നില്ലേ എന്ന് തോന്നി.പാറകളിലവിടെയിവിടെയായി നിൽക്കുന്ന ഇരവികുളം ദേശിയോദ്യാനത്തിന്റെ മൂന്നാറിന്റെ മണിമുത്ത് വരയാടുകളെ കണ്ടു.കയറുമ്പോളുണ്ടായ ഉത്സാഹവും ഉന്മേഷവുമൊന്നുമിറങ്ങുമ്പോൾ തോന്നില്ല.മിനുട്ടുകൾക്കകം ഞാനാ സ്ഥലത്തോടു കൂട്ടുകൂടിപ്പോയി .പിരിയാൻ പറ്റാനാകാത്തവിധം.വീണ്ടും താഴെയെത്തി ബാഗും സാധനങ്ങളുമൊക്കെ എടുത്ത് അവിടുത്തെ തണുപ്പിനെ വെല്ലുന്ന തണുപ്പുള്ള ഒരു കോൺ ഐസ്ക്രീമും വാങ്ങി ബസ്സിൽകയറി.ഓരോ വളവുകളിറങ്ങുമ്പോഴും മനസ്സിലറിയാതെ പറഞ്ഞുപോയി "എന്നെങ്കിലും ഇനിയും വരും".



**ശ്രീലക്ഷമി.കെ പി**
**ഒമ്പതാം തരം**

# എന്റെ അമ്മ...

ആദ്യമുരുവിട്ട വാക്കതൻ അമ്മ
ആദ്യമറിഞ്ഞതെവിടെ ഞാൻ
എൻ നാവിലെത്തിയ
മുലപ്പാലിലോ
ആ മൃദുമധു നകർന്ന നാവിലോ
ആ മാറത്തെ ചൂടിൽ ശാന്തമായി
ഞാനെന്ന പൈതൽ മയങ്ങവെ
ആദ്യമായി പിച്ചവെച്ച നാളതിൽ
ആദ്യമായി വീണ വേളയിൽ



താങ്ങായി വന്നണഞ്ഞ
താങ്ങും തണലുമായി എൻ അമ്മ
എന്റെ ഓരോ ഉന്നതിയിലും
എനിക്കായി ഒരുപടി മുന്നിൽ
എരിഞ്ഞ് പ്രകാശിച്ചതാം
അരുമയാം മാതൃ ഹൃദയമതിൽ
പറയുന്നതെങ്ങനെ എൻ അമ്മയെപ്പറ്റി
അനുപമ സ്നേഹ സാഗരമാമെന്നമ്മ
അതുതാൻ എൻ അമ്മതൻ മനം.

സനുഷ.വി.എസ്

# ചെരുപ്പു തുന്നുന്നവർ

ഓർമ്മയുള്ള കാലം മുതൽ അവൻ അവിടെയാണ്;ആ കടത്തിണ്ണയിൽ.ഒരു കാര്യം ഉറപ്പാണ്',രാജേട്ടൻ അവന്റെ അച്ഛനല്ല,സുമതിച്ചേച്ചി അവന്റെ അമ്മയുമല്ല.എന്നാൽ അവനോർമ്മയുള്ള കാലം മുതൽ അവനവിടെയാണ്.തന്നെ ഇവിടെയിട്ട് പോയ അമ്മയെയോ അച്ഛനെയോ അവനറിയില്ല.ഓർമ്മ ശരിയാണെങ്കിൽ ഒരു പെരുമഴക്കാലത്ത് ഈ ചോരുന്ന കടത്തിണ്ണയിൽ കിടന്ന് കരഞ്ഞുകൊണ്ടിരുന്ന അവനെ രാജേട്ടനെടുത്ത് കൂടെക്കൂട്ടിയതാണ്.ആരാണീ രാജേട്ടൻ?



അപ്പുവിനെല്ലാമാണ് ,ദൈവമാണ്.'അപ്പു';അതാണ് അവന്റെ പേര്.രാജേട്ടനൊരു ചെരുപ്പു കുത്തിയാണ്.ധാരാളം പേർ പൊട്ടിയ ചെരുപ്പുമായി ഈ കടത്തിണ്ണയിൽ വരുന്നതും പോകുന്നതും അവൻ കാണാറുണ്ട്.രാജേട്ടനെ നോക്കിയാണ് അവൻ ചെരുപ്പുതുന്നാൻ പഠിച്ചത്.ഇപ്പോൾ എല്ലാവരും പറയുന്നത് അയാളെക്കാളും നന്നായി ചെരുപ്പുതുന്നുന്നത് അവനാണെന്നാണ്.

"അപ്പൂ...........നീയിതെവിടെയാ,എത്രനേരമായി ഞാൻ കാത്തിനിൽക്കുന്നു,ഇനിയും നീ വന്നില്ലെങ്കിൽ ഞാൻ നിന്നെക്കൂട്ടാതെ പോകും പറഞ്ഞേക്കാം.അവിടെ രേഖയെ സലേഖയും നമ്മളെയും നേക്കിയിരിക്ക്വാ..........രാജുവിന്റെ പുതിയ ജെ.സി.ബി കാണാൻ വരാന്ന് പറഞ്ഞിട്ട്........." വസുന്ധര ദേഷ്യപ്പെട്ടു.

"ദാ വരുന്നു.....ഈ ചെരുപ്പും കൂടി, തിരക്കാണേൽ നീ പൊക്കോ.അവന്റെ ജെ.സി.ബി ഞാൻ രാത്രി വീട്ടിൽ പോകുമ്പൊ കണ്ടോളാം" അപ്പു പറഞ്ഞു.

"അയ്യോ വേണ്ട. ഞാൻ ചുമ്മാ

പറഞ്ഞതാ ,നീ വരാതെ ഞാൻ പോകില്ല."
അവളങ്ങനെയാണ്.എന്തൊക്കെപ്പറഞ്ഞാലും അവനോടവൾക്ക് ഒത്തിരി സ്നേഹമാണ്.വസുന്ധര അപ്പുവിന്റെ കൂട്ടുകാരിയാണ്.രണ്ടും എപ്പോഴും കീരിയും പാമ്പുമാണ്;എന്നാൽ ഒത്തിരി സ്നേഹമാണ്
താനും.രാജേട്ടന്റെയും സുമതിച്ചേച്ചിയുടെയും മകനാണ് രാജു.അവന്റെ അമ്മാവൻ ഗൾഫിൽനിന്നും വന്നപ്പോൾ സമ്മാനിച്ചതാണാ ജെ.സി.ബി. കൂട്ടുകാരുടെ മുന്നിൽ

ആളാവാൻ അതു ധാരാളം. അപ്പു പണി സാധനങ്ങൾ എടുത്തുവച്ച് വസുന്ധരയുടെ കൂടെപ്പോയി.അപ്പോഴണ് രാജേട്ടന്റെ മുന്നിൽ ചെന്നു പെട്ടത്.
"നേരം കിട്ടിയാൽ കറങ്ങാൻ പൊക്കോളും.ചെല്ലും ചെലവും തന്ന് പോറ്റുന്നത് കറങ്ങി നടക്കാനല്ല.നേരാം വണ്ണം പണിയെടുക്കെടാ...എന്നിട്ട് ചുറ്റാൻ പോകാം. എങ്ങോട്ടാ?"
"അത് പിന്നെ...രാജുക്കുട്ടന്റെ ജെ.സി.ബി കാണാൻ...വസുന്ധര...."
"ജെ.സി.ബി, ഹും... പണിയൊക്കെക്കഴിഞ്ഞ് രാത്രി വല്ലോം തിന്നാൻ അങ്ങോട്ട് വരുവല്ലോ,അപ്പക്കാണിച്ചുതരാം ജെ.സിബീം ലോറീമൊക്കെ.
ഇപ്പോ മോൻ പോയി പണിയെടുക്കാൻ നോക്കെടാ...പോ..പോ..."
അവനാദ്യമായല്ല ഇത് കേൾക്കുന്നത്. ഇതൊക്കെ സ്ഥിരമാണ്. എന്നാലും ഒന്നും തിരിച്ചു പറയില്ല.കാരണം തന്റെ ജീവനും ശരീരവുനമല്ലാം അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു.പാവം വസുന്ധര
അവളാകെപ്പേടിച്ചുപോയി.അവനവളോടൊന്നും പറയാതെ തിരിച്ചുപോയി.

"രാജേട്ടാ,രാജേട്ടാ," എല്ലാവരും ഉറങ്ങിയോ,ഇനിയെന്താ ചെയ്യാ....വെശന്നിട്ട് കണ്ണുകാണണില്ല.
എനിക്കൊരമ്മയുണ്ടായിരുന്നെങ്കിൽ....എത്ര പറഞ്ഞാലും കേൾക്കില്ല.വാരി വാരി വായിൽ വച്ചുകൊടുക്കും! താനെത്ര നിറഭാഗ്യവാനാണ്!അവനറിയാതെ അവന്റെ കണ്ണുകൾ നനഞ്ഞു തുടങ്ങി.
എന്താണാ ശബ്ദം ?പിന്നാമ്പുറത്തെ വാതിൽ ആരോ തുറന്നിട്ടിട്ടുണ്ട്.
"ആരാദ്"? അവന്

പേടിയായി.എന്തായാലും ഒന്നുറപ്പ്.ആരോ അവിടെ വന്നിട്ടുണ്ട്.അവനോടി പിന്നാമ്പുറത്തു ചെന്നു.തുറന്നിട്ട കതകിലൂടെ അവൻ അകത്തേക്കൊളിഞ്ഞു നോക്കി.അതാ അലമാരയിൽ നിന്ന് സ്വർണ്ണവും പണവുമൊക്കെ വാരിയെടുത്തു നിൽക്കുന്ന ഒരാജാനബാഹു.ഒന്നുറക്കെ നിലവിളിക്കാനാണ് ആദ്യം അവനു തോന്നിയത്.അയാളവനെ കണ്ടുകഴിഞ്ഞു.അവന്റെ കൈകാലുകൾ തളരുന്നതായി അവന് തോന്നി. എന്തു
ചെയ്യണമെന്ന് അവന് ഒരെത്തും പിടിയുമില്ല.അവനയാളെ കടന്നുപിടിച്ചു;ആ കുഞ്ഞുകൈൾക്ക് അതിനും പോലും ശക്തിയില്ലെങ്കിൽക്കൂടിയും.പിന്നീട് നടന്നതെല്ലാം നാടകീയമായിരുന്നു.അവന്റെ
കുഞ്ഞുകൈകളയാൾ ഞെരുക്കി,പണച്ചാക്കിനു മീതെ
ഉന്തിയിട്ടു."കള്ളൻ.........കള്ളൻ........
ഓടിവരണേ........"രാജേട്ടനും വീട്ടുകാരും ഉണർന്നു. പിന്നാമ്പുറത്തേക്കോടി വന്ന അവരോടായി അയാൾ പറഞ്ഞു."വീട്ടിൽ പോകുന്ന വഴി എന്തൊക്കെയോ ഒച്ചയും ബഹളവും.ഞാൻ കണ്ടില്ലായിരുന്നെങ്കിൽ എല്ലാമെടുത്തീ കുരുത്തംകെട്ടവൻ മുങ്ങിയേനേ.."

പിന്നെകേട്ടതൊരലർച്ചയാണ്. അയാളവനെ തലങ്ങുംവിലങ്ങും തല്ലി.
"ഞാനല്ല...ഞാനല്ല.........ആകാവുന്നത്ര ഉറക്കെപ്പറഞ്ഞു.
ആരു കേൾക്കാൻ?"
"ഇത്രനാളും നോക്കിപ്പോറ്റിയത് ഒരു കള്ളനെയാണല്ലോ ഈശ്വരാ!
പാലുതന്ന കൈക്കുതന്നെ നീ കൊത്തിയല്ലോടാ നീ........
ഇനി നിന്നെയെന്റെ കൺമുന്നിൽ
കണ്ടുപോകരുത്.ഇറങ്ങിപ്പോടാ നശിച്ചവനേ....." അയാളവനെ ചവിട്ടിമെതിച്ചു.അവിടെനിന്നും പുറത്താക്കി.

അവൻ നടന്നു.ലക്ഷ്യമില്ലാതെ.എല്ലാമൊരു സ്വപ്നം പോലെ.വയറ്റിലെ കാഹളം നിലച്ചിരുന്നു.എന്നാൽ വേദന കൂടിവരുകയാണ്.ശരീരത്തിന്റെയും മനസ്സിന്റെയുമെല്ലാം......

എന്തിനാണിങ്ങനെയൊരു ജന്മം?അവൻ വിതുമ്പി.
അല്ല,പൊട്ടിക്കരഞ്ഞു.താനൊരു

ചെരുപ്പുകുത്തിയാണ്.
ഈ ചെറുപ്രായത്തിൽ എത്രയോ ചെരുപ്പുകൾ എത്രയോ ചെരുപ്പുകൾ തന്റെ കുഞ്ഞുകൈകൾ കൊണ്ട് തുന്നിയതാണ്! ആർക്കുവേണ്ടി?എന്തിനുവേണ്ടി?ഒന്നും തനിക്കുവേണ്ടിയായിരുന്നില്ല.സത്യത്തിൽ താനും തന്റെ കയ്യിലെത്തുന്ന ചെരുപ്പും ഒരുപോലെയായിരുന്നില്ലേ?മറ്റുള്ളവർക്കുവേണ്ടി തേഞ്ഞ് തേഞ്ഞ്....കീറിപ്പൊളിഞ്ഞ്...എന്നാൽ തന്റെ കയ്യിലെത്തുന്ന ചെരുപ്പുകൾ മടങ്ങിപ്പോകുന്നത് സുന്ദരന്മാരായിട്ടാണ്.അവരുടെ മുറിവുകൾ താൻ തുന്നിയടച്ചിരുന്നു. അനാഥനായ തന്റെ മുറിവുകൾ തുന്നിയടച്ചവനാണ് രാജേട്ടൻ.എന്നാൽ താനദ്ദേഹത്തിനൊരു ശല്യമായി.തന്റെ മുറിവുകൾക്ക് തന്നേനെ ആഴവും പരപ്പും കൂടിവരുകയാണ്.ഇനിയും ആരെങ്കിലും ഉണ്ടാകും തന്നെ തുന്നി ശരിയാക്കാൻ...........

അവൻ തോടും കടന്ന് നീങ്ങുകയാണ്,ചോരയും കണ്ണീരും വഴിയിൽ ബാക്കിവച്ചുകൊണ്ട്...

ശ്രീലക്ഷ്മി കെ.പി



# അമ്മ

അമ്മിഞ്ഞപ്പാലിൻ മധുരമാണമ്മ
താരാട്ടുപാട്ടിന്റെ ഈണമാണമ്മ
പേനായായുള്ളൊരായുധം എൻ കയ്യിൽ
ആദ്യം തന്നതെന്നമ്മ.
അറിവിന്റെ ലോകത്തേക്കാദ്യമായിയെന്നെ
കൈപിടിച്ചാക്കിയതമ്മ
അമ്മിഞ്ഞപ്പാലിൻ മധുരമാണമ്മ
താരാട്ടുപാട്ടിന്റെ ഈണമാണമ്മ
ഓമനിച്ചുമ്മവയ്ക്കുന്ന സ്നേഹനിധിയമ്മ.
ഇന്നും കെടാത്തൊരു നിറദീപമമ്മ.
അമ്മയെന്നുള്ള രണ്ടക്ഷരം
എന്നുള്ളിൽ ദൈവം എന്നുള്ള രണ്ടക്ഷരം പോലെ.
അമ്മയാണെൻ ദൈവം
അമ്മയാണെൻ ബലംവീടിന്റെ ഐശ്വര്യ ദീപമാണമ്മ.
---------------- ശ്രീനന്ദ .കെ.പി



# വായനാശീലം:
# ജീവിത വിജയത്തിന്

വിദ്യാർഥികളുടെ ജീവിതത്തിൽ പഠനത്തോടൊപ്പം വായനാശീലവും വളർന്നുവരേണ്ടത് അത്യാവശ്യമാണ്.പാഠപുസ്തകങ്ങൾ ആവശ്യമായ അറിവുകൾ മാത്രം പകർന്നു തരുമ്പോൾ മറ്റുപുസ്തകങ്ങൾ അറിവുമാത്രമല്ല ആഹ്ലാദവും പങ്കുവെക്കുന്നു.ടെലിവിഷൻ,സിനിമകൾ തുടങ്ങിയവ ഒരു വ്യക്തിക്കു നൽകുമെന്നു പറയപ്പെടുന്ന സന്തോഷവും സ്വാതന്ത്ര്യവും അതിനേക്കാൾ ആഴത്തിലും പരപ്പിലും പുസ്തകവായന പ്രദാനം ചെയ്യും എന്നത് നിസ്തർക്കമാണ്.വിവിധങ്ങളായ ആശയങ്ങളും അറിവുകളും സമാഹരിക്കപ്പെട്ടിട്ടുള്ള ഒന്നാണ് ഓരോ പുസ്തകവും.അതുകൊണ്ടുതന്നെ ഒരു നല്ല സുഹൃത്തിനെ എന്നപോലെ ഓരോരുത്തരും പുസ്തകങ്ങളെ സ്നേഹിക്കുകയും വായിക്കുകയും ചെയ്യണം.



'വായിച്ചു വളർന്നാൽ വിളയും' എന്നത് കുഞ്ഞുണ്ണിമാഷിന്റെ പ്രസിദ്ധവും പ്രസക്തവുമായ വരികളാണ്.മനുഷ്യരെ ഇതരജീവികളിൽ നിന്നും വ്യത്യസ്തനാക്കുന്ന പ്രധാനഘടകം മനുഷ്യന്റെ തലച്ചോറാണ്.ആ അനുഗൃഹീത അവയവം സമ്പന്നമാകണമെങ്കിൽ അതിൽ ഉൾക്കനമുള്ള ചിന്തകൾ നിറയേണ്ടതുണ്ട്.വായന ഒരാളെ ആഹ്ലാദിപ്പിക്കുന്നതിനോടൊപ്പം

ചിന്തിക്കുന്നതിന് പ്രേരിപ്പിക്കുകയും ചെയ്യും ചിന്താശേഷിയുള്ളവർ അവിവേകികൾ ആയിരിക്കുകയില്ല.അതുകൊണ്ടുതന്നെ അത്തരം ആളുകളുടെ ജീവിതം അർഥപൂർണവും ആഹ്ലാദകരവും ആയിരിക്കും.അതുകൊണ്ടാണ് കതിർമണികൾ നിറഞ്ഞുനിൽക്കുന്ന ഒരു നെൽപ്പാടം പോലെ,വായിക്കുന്ന മനുഷ്യരുടെ ജീവിതം വിളഞ്ഞുനിൻക്കും .



വായന ഒരാളിലെ വ്യക്തിത്വത്തെ വികസിപ്പിക്കുകയും വിമലീകരിക്കുകയും ചെയ്യും. ക്ഷമ,ദയ,സ്നേഹം, സത്യസന്ധത, സേവനതത്പര്യത തുടങ്ങിയ നിരവധി മൂല്യങ്ങൾ വളർത്തിയെടുക്കുന്നതിൽ വായന ഏറെ സഹായിക്കും. തങ്ങൾക്ക് എന്തായിത്തീരണം എന്നു തീരുമാനിക്കുവാനും അതിനനുസരിച്ച് ജീവിതരീതികളിൽ മാറ്റം വരുത്തുവാനും വായനയിലൂടെ കഴിയും.നല്ല പുസ്തകങ്ങൾ നല്ല വഴികാട്ടികൾ കൂടിയായിരിക്കും.അതുകൊണ്ടുതന്നെ വായനയിൽ വിശ്വാസമർപ്പിച്ചുകൊണ്ട് നമുക്ക് ജീവിതത്തിൽ മുന്നേറാനാവുമെന്ന് ഉറപ്പാണ്.

വ്യക്തിത്വവികാസത്തോടൊപ്പം ഒരാളിലെ സർഗവാസനയെ തൊട്ടുണർത്താനും വായന സഹായിക്കുന്നു.സ്വതന്ത്ര്യമായി ചിന്തിക്കുന്നതിനും അതിനനുസരിച്ച് പ്രവർത്തിക്കുന്നതിനും പുതിയ കലാസൃഷ്ടികൾ അവതരിപ്പിക്കുന്നതിനും ഇതുമൂലം കഴിയുന്നു.

കുട്ടികൾ ആയിരിക്കെത്തന്നെ സ്വായത്തമാക്കേണ്ട നിരവധി നല്ല ശീലങ്ങൾ ഉണ്ട്.അതിൽ പ്രധാനപ്പെട്ട ഒന്നാണ് വായന.കൂടുതൽ അറിയാനും കൂടുതൽ അറിയിക്കാനും വായനാശിലത്തിലൂടെ കഴിയുന്നു.സ്വന്തം ജീവിതത്തിലേയും പ്രവർത്തനങ്ങളിലേയും ഗുണദോഷങ്ങളെ തങ്ങൾക്ക് ഇണങ്ങുന്ന ജീവിതവൃത്തങ്ങൾ സ്വീകരിച്ച് മുന്നേറാനും വായനാശീലം ഏറെ സഹായിക്കുന്നു.

ഉദ്യമ.വി.ഒ

88888888*********************************************************************8888888888

# എന്റെ ജീവിതമാണ് എന്റെസന്ദേശം

ഗാന്ധിജി

# സാന്ത്വനം

രാവിന്റെ ഇരുളിമ കൂടികൂടി വരികയാണ്.എത്രയും പെട്ടന്ന് വീട്ടിലെത്തണം.അവൻ നടത്തത്തിന് വേഗതകൂട്ടി.വീട്ടിൽ അമ്മ തനിച്ചാണ് ; അമ്മ കിടപ്പിലാണ്.അവന്റെ മനസ്സിൽ വീട്ടിലെത്തണം എന്ന ചിന്ത മാത്രമേ ഉണ്ടായിരുന്നുള്ളു.അങ്ങനെ ഓരോന്നും ആലോചിച്ച് അവൻ നടന്നു.ബസ്സിറങ്ങി രണ്ട് കിലോമീറ്റർ നടന്നാലെ വീട്ടിലെത്തുകയുള്ളു.

അവൻ വീട്ടിലെത്തി.അമ്മേ... എന്ന് നീട്ടി വിളിച്ചു.അകത്തു നിന്ന് ഒരു മൂളൽ മാത്രം.അമ്മയ്ക്ക് തീരെ വയ്യ എന്ന് അവന് മനസ്സിലായി.രാവിലെ അവൻ ഉണ്ടാക്കിയ ചായയും ബിസ്കറ്റും ഉറുമ്പ് തിന്നുന്നുണ്ടായിരുന്നു.അവൻ അമ്മയെ വീണ്ടും വിളിച്ചു." നീ വന്നോ മോനെ, ജോലി വല്ലതും ശരിയായോ?".പതറുന്ന സ്വരത്തിൽ അവൻ അമ്മയോടു പറഞ്ഞു "ശരിയായിക്കാണും അമ്മേ.മുതലാളി വിളിക്കുമെന്ന് പറഞ്ഞിട്ടുണ്ട് ".പെട്ടന്ന് അവിടം ശാന്തമായി.

പിന്നെ അവൻ ഒന്നും നോക്കിയില്ല അമ്മയേയും താങ്ങിയെടുത്ത് റോഡിലേക്കിറങ്ങി.കാണുന്ന വണ്ടിക്കൊക്കെ കൈകാണിച്ചു.പക്ഷെ കാശില്ലാത്തവനെ ആരും തിരിഞ്ഞു നോക്കിയില്ല.അവൻ വീണ്ടും നടന്നു.കുറച്ചു നടന്നപ്പോൾ ഒരു ഓട്ടോ നിർത്തി.അവൻ അമ്മയെ അതിൽ കിടത്തി ആശുപത്രിയിലേക്ക് പോകാൻ പറഞ്ഞു. കുറച്ചു ദൂരം കഴിഞ്ഞപ്പോൾ പെട്ടെന്ന് ഒരു കാർ വന്ന് ഓട്ടോയിൽ ഇടിച്ചു.അവൻ അമ്മേ...എന്ന് ഒരു വിളി വിളിച്ചു.ഓട്ടോ ആകെ തകർന്നു പോയി.അപ്പോഴാണ് കാറിൽ നിന്ന് ഒരാൾ ഇറങ്ങി ഓട്ടോയ്ക്ക് അരികിലേക്ക് വന്നു.എന്തെങ്കിലും പറ്റിയോ എന്ന് ചോദിച്ചു കൊണ്ട് ?

കുറച്ചു സമയം സൂക്ഷിച്ച് നോക്കിയിട്ട് അയാൾ പറഞ്ഞു "എടാ രാജു നിനക്കെന്നെ ഓർമ്മയില്ലേ".അത് കൂടെ പഠിച്ച ശ്രീനാഥായിരുന്നു.നാട്ടിലെ മുതലാളി വിശ്വനാഥന്റെ മകൻ.എന്നും പഠിത്തത്തിൽ ഒന്നാമനായ രാജുവിനെ അന്ന് അസൂയയോടെയാണ് കണ്ടിരുന്നതെങ്കിലും അവർക്കിടയിൽ ഒരു നല്ല സൗഹൃദം ഉണ്ടായിരുന്നു.

സമയം കളയാതെ നീ അമ്മയെ എടുത്ത് എന്റെ കാറിൽ കിടത്ത് നമുക്ക് വേഗം ആശുപത്രിയിലേക്കു പോകാം.പക്ഷെ! ആശുപത്രിയിലെത്തും മുമ്പേ അമ്മ മരിച്ചിരുന്നു.വലിയൊരു ആശുപത്രിയിലേക്കാണ് ശ്രീനാഥ് അമ്മയെ കൊണ്ട് പോയത്.അവർ അമ്മ മരിച്ച കാര്യം രാജുവിനെ അറിയിച്ചു.

പക്ഷെ! രാജുവിന് എന്ത് ചെയ്യണം എന്ന് അറിയില്ലായിരുന്നു.കാരണം കീശയിൽ രാവിലെ ഇന്റർ വ്യൂന് പോയതിന്റെ ബാക്കി 5 രൂപ മാത്രമേ ഉള്ളൂ.അവൻ അമ്മയെ നോക്കി എന്തോ ആലോചിച്ചു.അമ്മയുടെ കമ്മൽ അഴിക്കാൻ അവൻ

തീരുമാനിച്ചു.അവൻ കാതിൽ അഴിക്കാൻ ശ്രമിച്ചതും ശ്രീനാഥ് വന്ന് അവനെ തടഞ്ഞു.ഞാൻ ഉള്ളപ്പോൾ നി ഇതു ചെയ്യരുത്.ഇവിടെയുള്ള കാര്യങ്ങളെല്ലാം ഞാൻ ചെയ്തോളാം.നീ ഒന്നു കൊണ്ടും വിഷമിക്കരുത്.സങ്കടം കൊണ്ട് ഇരുവരും കെട്ടിപ്പിടിച്ച് പൊട്ടിക്കരഞ്ഞു.

ഉദ്യമ.വി.ഒ



LKG KIDS TALENT DAY

# My Legend

I am always look like naughty
I am also an obstinate,
But there is one forgive all
and love me a lot ' Dad '
I didn't give wings
But through hand of my Dad
I am flying on the world.
That's right ;Gravity pull me down
But it's one my Dad's love
help me rise again and again
will everyone give suggessions
then Dad “choose your favour”
will everyone beat me with love
making hot to cool Dad
making tears to smiles Dad
made me such a happiest girl
That's right; I am a princess
not because a princess'
but beacause daughter 'of a king'

**by : Sreelakshmi K P**




## പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം

@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@

## എനിക്കൊരമ്മ

അമ്മിഞ്ഞപ്പാലിൻ രുചിയറിയില്ല
അമ്മ വാത്സല്യം എനിക്കറിയില്ല
അമ്മ തൻ നെഞ്ചിലെ ചൂടറിയാൻ,
എനിക്കൊരമ്മയെ തന്നീടുമോ?
എവിടെയാണമ്മേ  നീ........
എൻ മുഖമൊന്നു കാണാൻ കൊതിയില്ലേ...?

നിൻ തലോടലറിയാൻ കൊതിക്കുന്നെൻ മനം.
സ്നേഹത്തിൻ നിറകുടമേ........
ആരോരുമില്ലാതെ അലയുന്ന ഈ ജന്മത്തിൽ
എനിക്കൊരമ്മയെത്തന്നീടുമോ?

ശ്രിയ എസ്
രണ്ടാം തരം

---

# പ്രാർത്ഥന

പകലിൻ പകുതിയുമെരിഞ്ഞിരിക്കുന്നു-
ഇനിയും ബാക്കിയെൻ മുന്നിലിഴയും സൂചികൾ.
ദൂരെയസഹ്യമാം ചൂടിലെരിഞ്ഞിരിക്കുന്നു
പ്രാണനായ് പറന്ന പക്ഷിതൻ ചിറകുകൾ
എന്തിനായ് നീ തുനിഞ്ഞീ കൊടും ചൂടിലു-
മെല്ലാം മറന്നു പറക്കുവാനായ്....
ക്ഷമിക്കൂ ,നിനക്കുണ്ടായിരിക്കാം
നിനച്ചിരിക്കാനായൊരാൾ
കാപട്യത്താൽ പണിഞ്ഞൊരായിരം നിലകൾ
കനംകൂടി, വിണ്ടുകീറിയാദ്യമവസാനമെല്ലാം
വീണുചിതറിയിരിക്കുന്നു,നീ കാണുക,സ്നേഹമെന്തെ-
ന്നറിയാത്തിവൾക്കുതരൂ നിൻ ചിറകുകൾ.....
ഈ കൂട്ടിലെയഴികളിൽ നിന്നെന്നെപ്പൊടിതട്ടിയെടുക്കൂ
അറയ്ക്കുമീ കറകൾ കഴുകികളയൂ, വീഴുമീ-
ജീവനെ കയ്യിലേന്തു, നടക്കൂ
വിളക്കുമായെന്നെ നയിക്കുവാൻ മുന്നിൽ.

-ആതിര പി.കെ

# LIFE

Environment of the season
creating lot of small kind
of happiness /cotendedly
the mixing of an ar stio was
painters plallete , when we
colour to them
Twelve moths are hav'nt
speed limit ,but they are
twelve chances are running
in the road of success
some people afraid them
some ones are see there
disaster from the depth of sea.
Those who study in
the magic of secrete.
Life is a mistery of the drawing
drive or life from
accident
but there is a  high chance of trap in to it.
There is a light of everyone  happiness find
out , find out
then you can.

Aiswarya p v

നന്ദി



# foot prints

little KITEs

**G H S PERINKARY -2019**